# 1. കാലാതീതം കാവ്യവിസ്മയം

കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ
കവികളുടെ ഭാഷ – സച്ചിദാനന്ദൻ

സച്ചിദാനന്ദന്റെ വരികളിൽ തെളിയുന്ന ആശയം വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.

ഉ. സച്ചിദാനന്ദന്റെ ചെറുതും ആശയനിറവുള്ളതുമായ കവിതയാണിത്. ലോകത്ത് എവിടെയാണെങ്കിലും ഇലകളുടെ മർമ്മരം ഒരു പോലെയാണ്. തത്തകളുടെ കൊഞ്ചലും എല്ലായിടത്തും സമാനമാണ്. ഗൗളികളുടെ ശബ്ദവും ഒരുപോലെയാണ്. കവികൾക്കും ഒരു ഭാഷ തന്നെയാണെന്നാണ് സച്ചിദാനന്ദൻ വ്യക്തമാക്കുന്നത്. കവികൾ ഭാഷയിലൂടെ പാടുന്നവരാണ്. ഭാഷയിലൂടെ വികാരവിചാരങ്ങളും ഭാവങ്ങളും ആശയങ്ങളുമെല്ലാം കൈമാറുന്നവരാണ് കവികൾ. കവികൾക്ക് ജീവിതം തന്നെയാണ് കവിതയ്ക്ക വിഷയം. ലോകത്തെ മുഴുവൻ ജീവിവർഗ്ഗത്തിന്റെയും വികാരവിചാരങ്ങൾ ഒരുപോലെതന്നെ. ഭാഷ മാറുന്നുവെങ്കിലും ആന്തരികഭാഷ ഒരു പോലെയാണ്. കവികൾ/സൃഷ്ടികളിലൂടെ ലക്ഷ്യം വെയ്ക്കുന്നത് ശാന്തിയും സ്നേഹവും നന്മയുമൊക്കെയാണ്. ഇക്കാര്യങ്ങളിൽ സമാനരാണവർ. അതിനാൽ ലോകത്തെവിടെയായാലും കവികൾക്ക് ഒരു ഭാഷയേയുള്ളൂ എന്ന് വ്യക്തമാക്കുകയാണ്.

## 1. ലക്ഷ്മണസാന്ത്വനം

എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ നിന്ന് എടുത്തു ചേർത്ത ഭാഗമാണ് ലക്ഷ്മണസാന്ത്വനം. ശ്രീരാമപട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ് കോപം കൊണ്ട് ജ്വലിച്ച ലക്ഷ്മണനെ ശാന്തനാക്കുകയാണ് രാമൻ. വാത്സല്യം നിറഞ്ഞവനേ, സുമിത്രയുടെ മകനേ, കുമാര എന്നൊക്കെ വാത്സല്യത്തോടെ വിളിച്ചു കൊണ്ടാണ് രാമൻ സംസാരിച്ചു തുടങ്ങുന്നത്. സുഖങ്ങൾ ഇടിമിന്നൽപോലെ പെട്ടെന്ന് അപ്രത്യക്ഷമാകുന്നതാണെന്നും ആയുസ്സിനും അധികകാലം നിലനിൽപില്ല എന്നും രാമൻ ഓർമ്മപ്പെടുത്തുന്നു. ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന ജലത്തുള്ളിയോട് പാമ്പിന്റെ വായിൽ അകപ്പെട്ട മനുഷ്യജീവിതത്തെ താരതമ്യപ്പെടുത്തുന്നു. കാലമാകുന്ന പാമ്പ് എല്ലാം വിഴുങ്ങും എന്ന് ലക്ഷ്മണനെ ബോദ്ധ്യപ്പെടുത്തുകയാണ്. കുടുംബം, ഐശ്വര്യം, സമ്പത്ത്, ആരോഗ്യം എല്ലാം താൽക്കാലികമാണ് ഭൂമിയിലെ ജീവിതം വഴിയാത്രക്കാർ സത്രത്തിൽ ഒന്നിച്ച് വേർപിരിയുന്ന പോലെയാണ്. നദിയിലൂടെ ഒഴുകുന്ന മരത്തടിപ്പോലെയാണ് അതിനാൽ അഹങ്കരിക്കേണ്ടതില്ല. ജന്തുക്കൾക്കും കൃമികൾക്കും അഗ്നിക്കും ഇരയാവേണ്ടവരാണ് നമ്മൾ. ശരീരവും മാറ്റങ്ങൾക്കു വിധേയമാണ്. ശരീരമല്ല ആത്മാവാണ് നാം എന്ന് തിരിച്ചറിയണം അതാണ് യഥാർത്ഥ അറിവ്. മോക്ഷത്തിന് തടസമാകുന്ന അഹങ്കാരവും ദേഷ്യവുമെല്ലാം ഒഴിവാക്കണമെന്ന് ലക്ഷ്മണനെ രാമൻ ഓർമ്മപ്പെടുത്തുകയാണ്.

## 2. ഋതുയോഗം

വിശ്വമഹാകവി കാളിദാസൻ രചിച്ച നാടകമാണ് അഭിജ്ഞാന ശാകുന്തളം. എ.ആർ. രാജരാജവർമ്മ മലയാളത്തിലേക്ക് മലയാള ശാകുന്തളം എന്ന പേരിൽ വിവർത്തനം ചെയ്തു. വിവർത്തനത്തിൽ നിന്നെടുത്ത ഭാഗമാണ് ഋതുയോഗം.

ഹസ്തിനപുരിയിലെ രാജാവായ ദുഷ്യന്തനാൽ ശകുന്തള ഗർഭിണിയാകുന്നു. രാജാവ് ശാകുന്തളയെ ഉപേക്ഷിക്കുകയും ചെയ്യുന്നു. വർഷങ്ങൾക്കുശേഷം ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങുന്ന ദുഷ്യന്തൻ കാശ്യപന്റെ ആശ്രമത്തിൽ വെച്ച് ശാകുന്തളയെയും മകനായ സർവ്വദമനെയും കാണുന്നതും സ്വീകരിക്കുന്നതുമാണ് പാഠഭാഗം.

രാജാവ് സിംഹകുട്ടിയുമായി കളിക്കുന്ന മകനെയാണ് ആദ്യം കാണുന്നത്. താപസി ആവശ്യപ്പെട്ടതനുസരിച്ച് സിംഹകുട്ടിയെ സർവ്വദമനിൽ നിന്ന് വേർപ്പെടുത്തുന്നു.

സർവ്വദമനൻ ക്ഷത്രിയനാണെന്നും ശകുന്തളയാണ് മാതാവ് എന്നും താപസിമാരിൽ നിന്ന് രാജാവ് മനസിലാക്കുന്നു. അവന്റെ രക്ഷ അച്ഛനോ അമ്മയോ അല്ലാത്തവർ, അവർ തൊട്ടാൽ പാമ്പായിത്തീരും. രാജാവ് കയ്യിൽ എടുക്കുമ്പോൾ പാമ്പാകുന്നില്ല. തന്റെ മകനാണെന്ന് രാജാവിന് ബോധ്യമാകുന്നു. അരങ്ങിലേക്ക് വരുന്ന ശകുന്തളയുടെ കാൽക്കൽ വീണ് മാപ്പു ചോദിക്കുകയാണ് രാജാവ്. തന്റെ കഴിഞ്ഞ ജന്മത്തിലെ ശാപം കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് ശകുന്തള പറയുന്നു. ശകുന്തളയുടെ കണ്ണുനീർ തുടക്കുകയാണ് ദുഷ്യന്ത മഹാരാജാവ്. ദുഷ്യന്തനും ശകുന്തളയും മകനും മാരീചഭഗവാന്റെയും അദിതിയുടെയും അനുഗ്രഹം ഏറ്റുവാങ്ങുന്നു.

3. പാവങ്ങൾ

വിക്ടർ ഹ്യൂഗോ രചിച്ച നോവൽ ആണ് പാവങ്ങൾ. ഈ നോവൽ നാലപ്പാട്ട് നാരായണമേനോൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നു. വിവർത്തനത്തിൽ നിന്നെടുത്ത ഭാഗമാണ് പാഠഭാഗം. ദരിദ്രനായ മരംവെട്ടുകാരനാണ് ഴാങ്ങ് വാൽഴാങ്ങ്. വിശന്നു കരയുന്ന സഹോദരിയുടെ മക്കൾക്കുവേണ്ടി റൊട്ടി മോഷ്ടിച്ച് അയാൾ ജയിലിലാകുന്നു. നീണ്ട 19 വർഷത്തെ ജയിൽ വാസത്തിനുശേഷം മോചിതനായ ഴാങ്ങ് വാൽഴാങ്ങ് വിശന്ന് തളർന്ന് ഡി പട്ടണത്തിലെ മെത്രാന്റെ ഭവനത്തിൽ അഭയം തേടുന്നു. മെത്രാൻ അയാളെ സ്വീകരിക്കുകയും വയറുനിറയെ ഭക്ഷണം നൽകുകയും ചെയ്തു. അന്ന് രാത്രി തന്നെ മെത്രാന്റെ ഭവനത്തിൽ നിന്ന് വെള്ളിസ്സാമാനങ്ങൾ മോഷ്ടിച്ച് ഴാങ്ങ് രക്ഷപ്പെടുന്നു.

പിറ്റേദിവസം തോട്ടത്തിൽ നിന്ന് വെള്ളിസ്സാമാനങ്ങൾ സൂക്ഷിച്ചിരുന്ന കൊട്ട വേലക്കാരി കാണുകയും മോഷണം നടന്നുഎന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. അതൊന്നും മെത്രാൻ കാര്യമായി എടുത്തില്ല. വൈകാതെ 3 പോലീസുകൾ മെത്രാന്റെ ഭവനത്തിലേക്ക് ഴാങ്ങിനെ കൊണ്ടുവരുന്നു. ഴാങ്ങ് വാൽഴാങ്ങിന്റെ കൈകളിലുള്ള വെള്ളിസ്സാമാനങ്ങൾ താൻ സമ്മാനിച്ചതാണെന്ന് പറഞ്ഞ് മെത്രാൻ അയാളെ രക്ഷപ്പെടുത്തുന്നു. അയാൾക്ക് രണ്ട് വെള്ളിക്കാലുകൾ കൂടി മെത്രാൻ സമ്മാനിക്കുന്നു. എന്നും തന്റെ വീട്ടിലേക്ക് കയറിവരാമെന്നും എപ്പോഴും സത്യസന്ധനായിരിക്കണമെന്നും മെത്രാൻ ഴാങ്ങ് വാൽഴാങ്ങിനെ ഓർമ്മിപ്പിക്കുന്നു. മെത്രാന്റെ ഉചിതമായ ഇടപെടൽ ഒരു കള്ളന്റെ ജീവിതം മാറ്റിമറിക്കുകയാണ്.

# 2 അനുഭൂതികൾ ആവിഷ്ക്കാരങ്ങൾ

“അൻപു തരുമന്യരൊടു ബന്ധമാ ബന്ധങ്ങൾ

നൺപെന്ന മഹിത സൗഭാഗ്യം”

(‘തിരുകുറൽ’ - തിരുവള്ളുവർ)

ആശയം: നമ്മെ സ്നേഹിക്കുന്ന അന്യരോടു തോന്നുന്ന ആത്മബന്ധമാണ് സൗഹൃദം. ഇത്തരം സൗഹൃദങ്ങൾ മഹത്തായ സൗഭാഗ്യമാണ്. ഇവ നമുക്ക് വളരെയധികം സന്തോഷം നൽകുന്നു. പ്രകൃതിയിലും ഇത്തരം നിഷ്കളങ്ക സ്നേഹബന്ധങ്ങളുണ്ട്. സൂര്യതാപം സ്വയമേറ്റ് തണലേകുന്ന മരങ്ങൾ ഉദാഹരണമാണ്. ഇന്നത്തെ സാഹചര്യത്തിൽ സ്നേഹബന്ധങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്.

### 1. വിശ്വരൂപം (ലളിതാംബിക അന്തർജ്ജനം)

പ്രശസ്ത എഴുത്തുകാരിയായ ലളിതാംബിക അന്തർജ്ജനം എഴുതിയ വിശ്വരൂപം എന്ന കഥയിലെ പ്രധാന കഥാപാത്രമാണ് മാഡം തലത്ത് എന്ന താഴത്ത് കുഞ്ഞുകുട്ടിയമ്മ. കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ് എന്നാണ് അവരുടെ വിശ്വാസം. ഒരുകാലത്ത് ഭർത്താവായ ഡോ. തലത്തിന്റെ ജീവിതത്തിനനുസരിച്ച് രൂപപ്പെടുത്തിയ അവരുടെ ജീവിതം ഭർത്താവിന്റെ മരണത്തോടെ മാറി മറിയുന്നു. തന്റെ നാലു മക്കളെയും അവർ ബോർഡിങ്ങിൽ നിർത്തി സ്നേഹലാളനകൾ നൽകാതെയാണ് വളർത്തിയത്. അതു കൊണ്ടു തന്നെ അവർ വാർധക്യത്തിൽ ഒറ്റപ്പെടുന്നു.

നാട്ടിൻപുറത്തെ ഒരു തനി വീട്ടമ്മയായി കഴിയുന്ന മാഡത്തെ സന്ദർശിക്കാനായി മുമ്പ് ഡോക്ടറുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന സുധീർ എത്തുമ്പോൾ അവരിലെ മാതൃഭാവം ഉണരുന്നു. നമ്മുടെ നാടിന്റെ സംസ്കാരം മറന്ന് ക്ലബ്ബിലും നാടകശാലയിലും പറന്നു നടന്നിരുന്ന മാഡത്തിന്റെ ഈ മാറ്റം സുധീറിനെ അമ്പരപ്പിക്കുന്നു. അവർ സുധീറിന് നൽകുന്ന ഉപദേശം സ്വന്തം ജീവിതത്തിലെ അനുഭവപാഠം തന്നെയാണ്. “കുട്ടികളെ ബോർഡിങ്ങുകളിൽ അയക്കരുത്. ആയയെ വെക്കരുത്. അമ്മ തന്നെ വളർത്തണം ശാസിക്കയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ. പുതിയ ഭാര്യയെ ഇതു പഠിപ്പിക്കൂ” സ്ത്രീയുടെ വിശ്വരൂപം അമ്മയാണ് എന്ന തിരിച്ചറിവ് ജീവിതത്തിന്റെ അവസാന വേളയിലാണ് മിസിസ് തലത്ത് നേടുന്നത്. അപ്പോഴേക്കും മക്കളെല്ലാം അവരിൽ നിന്നും വളരെ അകന്നു പോയിരുന്നു.

### 2. പ്രിയദർശനം (നളിനി -കുമാരനാശാൻ)

ആധുനിക കവിത്രയത്തിലെ പ്രധാനിയും ആശയ ഗംഭീരനുമായ കുമാരനാശാൻ എഴുതിയ ഖണ്ഡകാവ്യമാണ് നളിനി. ‘ഒരു സ്നേഹം’ എന്നു കൂടി പേരുള്ള ഈ കൃതിയിലെ ഒരു ഭാഗമാണ് ‘പ്രിയദർശനം’ മനുഷ്യജീവിതത്തിൽ സാർവ്വത്രികമായി ലയിച്ചു കിടക്കുന്ന അഗാധമായ സ്നേഹത്തെ ഭാവഗായകനായ കുമാരനാശാൻ കലാപരമായി ഈ കവിതയിൽ ആവിഷ്കരിക്കുന്നു.

നളിനിയും ദിവാകരനും ബാല്യകാലത്തെ കളിക്കൂട്ടുക്കാരും സഹപാഠികളുമായിരുന്നു. നളിനി ദിവാകരനെ ഏറെ സ്നേഹിച്ചിരുന്നു. യൗവ്വനത്തിൽ ആ സ്നേഹം പ്രണയമായി. ദിവാകരൻ യൗവ്വനത്തിൽ നാടുവിട്ടു പോയി സന്യാസംസ്വീകരിക്കുന്നു. നളിയുടെ അച്ഛൻ അവളുടെ വിവാഹം നിശ്ചയിച്ചപ്പോൾ അവൾ ദിവാകരനെ അന്വേഷിക്കാനായി വീടു വിട്ടിറങ്ങുന്നു. കുറേ കാലം തേടി നടന്നിട്ടും ദിവാകാരനെ കാണാതെ മനസ്സു മടുത്ത് ഒരു പൊയ്കയിൽ ചാടി ആത്മഹത്യക്ക് ഒരുങ്ങുന്നു. നളിനിയെ ഒരു സന്ന്യാസിനി രക്ഷപ്പെടുത്തുന്നു. അഞ്ചുവർഷം ഒരു സന്ന്യാസിനിയെപ്പോലെ അവൾ ആശ്രമത്തിൽ കഴിയുന്നു.

ദൂരെ ഹിമാലയ ശൃംഗത്തിൽ വെച്ച് ഒരു പ്രഭാതത്തിൽ നളിനി ദിവാകരനെ ദീർഘകാലത്തെ വേർപാടിനുശേഷം കണ്ടുമുട്ടുന്നു. ആ വേളയിൽ തന്നെ സ്വയം പരിചയപ്പെടുത്തിയ നളിനി ദിവാകരനോട് പഴയകാര്യങ്ങൾ വികാരവൈവശ്യത്തോടെ ഓർമ്മയിൽ നിന്നെടുത്തു പറയുന്നതാണ് പാഠഭാഗം. ദിവാകര ദർശനമായിരുന്നു തന്റെ ജീവിത ലക്ഷ്യമെന്നും ഈശ്വാരനുഗ്രഹത്തിൽ ഇന്നതു സാധിച്ചുവെന്നും നളിനി പറയുന്നു. പക്ഷേ ദിവാകരനിൽ അവളുടെ വാക്കുകൾ വലിയ ഇളക്കമൊന്നും ഉണ്ടാക്കിയില്ല. തപോധനനായ ആ ബ്രഹ്മചാരിയുടെ ജീവിതത്തിൽ ശൃംഗാരത്തിനിടമില്ല. ദിവാകരന്റെ ഉപദേശങ്ങളെല്ലാം കേട്ട് ഒടുവിൽ നളിനി ആ മാറിലേക്കു വീണ് മരണമടയുന്നു.

# 3. കടൽത്തീരത്ത്

(ഒ.വി. വിജയൻ)

എഴുത്തുകാരൻ, കാർട്ടൂണിസ്റ്റ്, ചിന്തകൻ, കോളമിസ്റ്റ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒ.വി. വിജയന്റെ ഭാവതീവ്രമായ ആഖ്യാനം കൊണ്ട് ശ്രദ്ധേയമായ കഥയാണ് കടൽത്തീരത്ത്. മകന്റെ മരണ ശിക്ഷക്ക് സാക്ഷിയാകാൻ കണ്ണൂരിലേക്ക് യാത്രയാവുന്ന വെള്ളായിയപ്പനും അദ്ദേഹത്തോടൊപ്പം തേങ്ങുന്ന പാഴുതറ ഗ്രാമവുമാണ് കഥയെ മുന്നോട്ടു നയിക്കുന്നത്. നിസ്സഹായമായ ഗ്രാമീണ ജീവിതത്തിന്റെ നേർക്കാഴ്ചകളിലൂടെ കഥ നീങ്ങുന്നു. മകനു വേണ്ടി അമ്മ കൊടുത്തയച്ച പൊതിച്ചോറിൽ വീണ കണ്ണീരിന്റെ നനവ് വായനക്കാർക്കും അനുഭവിച്ചറിയാം. ഒടുവിൽ ആ പൊതിച്ചോറ് മകനുള്ള ബലിച്ചോറായി മാറുന്നു.

കൊച്ചു കൊച്ചു വാക്കുകൾ, വാക്യങ്ങൾ എന്നിവയിലൂടെ തീവ്രഭാവങ്ങൾ കഥാകൃത്ത് ആവിഷ്കരിക്കുന്നു. പറയാതെ പറയുന്ന അർത്ഥ സാന്ദ്രമായ മൗനങ്ങൾ കഥയുടെ ആഖ്യാനമികവിന്റെ തെളിവുകളാണ്. സൂര്യാസ്തമയം, കളി, കാറ്റ് ഇവിയെല്ലാം ധ്വനിസാന്ദ്രമാണ്. കഥയിൽ പൊതിച്ചോറ് ഒരു കഥാപാത്രത്തിന്റെ സ്ഥാനം വഹിക്കുന്നു. മകന്റെ ശവദാഹത്തിനു ശേഷം ബലിച്ചോറായി കാക്കകൾക്കു മുന്നിലെത്തുന്ന ആ പാഥേയം നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ മാറുന്നു.

<u>ചില പ്രധാന ചോദ്യങ്ങൾ</u>

1. മാധം തലത്ത് <u>മരിച്ചുപോയി</u> മോനേ.

   ഡോക്ടർ തലത്തിനോടൊപ്പം അവരും <u>പോയി</u>

   അടിവരയിട്ടിരിക്കുന്ന പദങ്ങൾ ധ്വനിപ്പിക്കുന്നതെന്ത് ?

   മറ്റൊരാളായി.

2. **<u>അടിവരയിട്ട പദത്തിന്റെ അർത്ഥവ്യത്യാസം കുറിക്കുക</u>**

   മിസിസ് തലത്ത് ഓർമ്മകളുടെ ഓളക്കുത്തിലേക്കു <u>വഴുതി വീഴുകയായിരുന്നു.</u>

   അയാൾ പുഴയിലേക്കു <u>വഴുതി വീഴുകയായിരുന്നു.</u>

   ആദ്യത്തേത് മിസിസ് തലത്ത് ഓർമ്മകളിൽ മുഴുകി എന്നർത്ഥം (ആലങ്കാരിക പ്രയോഗം)

   രണ്ടാമത്തേത് ക്രിയാപദം അയാൾ ശരിക്കും പുഴയിൽ വഴുതി വീണു എന്നർഥം.

3. "കഷ്ടകാലമഖിലം കഴിഞ്ഞു <u>ഹ!</u>

   ദിഷ്ടമീ വടിവിയന്നു വന്ന പോൽ" അടിവരയിട്ട ശബ്ദം കാവ്യസന്ദർഭത്തിൽ ധ്വനിപ്പിക്കുന്ന ഭാവമെന്ത്?

   ആശ്വാസം

4. “ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ

ഈ വിധം വികലമാം സുഖോദയം “വളരെ കാലത്തിനുശേഷം കണ്ടുമുട്ടുന്ന സ്നേഹബന്ധങ്ങളുടെ സുഖോദയം” വികലമായിത്തീരുമെന്ന് പറയാൻ കാരണമെന്ത്?

വികാരവൈവശ്യം കാരണമുള്ള വീർപ്പുമുട്ടൽ കൊണ്ട്.

5. “കടൽത്തീരത്ത്” എന്ന കഥയുടെ സവിശേഷത അതിലെ മൗനങ്ങളാണ്” കഥയിലെ ഏറ്റവും പ്രധാന പ്പെട്ട മൗനം ഏതാണ്?

ജയിലിൽ വെച്ച് വെള്ളായിയപ്പനും മകൻ കണ്ടുണ്ണിയും കണ്ടുമുട്ടുന്ന സന്ദർഭം (“മകനേ”, “അപ്പാ” ഈ രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദു:ഖത്തിൽ, മൗനത്തിൽ അച്ഛനും മകനും അറിവു കൾ കൈമാറി. എന്ന സന്ദർഭം.

6. മാനസതാരിൽ നിരൂപിച്ചതും ഇവിടെ ലക്ഷ്മണൻ വിചാരിച്ചത്

- മോക്ഷാർത്ഥിയാകുന്നതിന്
- ലോകം ദഹിപ്പിക്കാൻ
- ക്രോധം പരിത്യജിക്കാൻ
- യുദ്ധം ചെയ്യാൻ

ഉ. ലോകം ദഹിപ്പിക്കാൻ

7. ആലോല ചേതസാ ഭോഗങ്ങൾ തേടുന്നു

- ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം
- കാലാഹിന പരിഗ്രസ്തമാം ലോകം
- പുത്രമിതാദ്രി കളത്രാദി സംഗമം

ഉ. കാലാഹിന പരിഗ്രസ്തമാം ലോകം

# ജീവിതം പടർത്തുന്ന വേരുകൾ

✷ **'വേരുകൾ' എന്ന കഥ നമ്മോട് സംസാരിക്കുന്നതെന്താണ് ?**

വൃക്ഷങ്ങളെ വീഴാതെ പിടിച്ചുനിർത്തുന്നത് വേരുകളാണ്. അമ്മയായ ഭൂമിയിലേക്ക് അവയുടെ വേരുകൾ ആഴ്ന്നിറങ്ങിയിരിക്കുന്നു.

വേരുകൾ പിഴുതുമാറ്റുമ്പോൾ അവ ഉണങ്ങി നശിക്കുന്നു. മനുഷ്യകുലവും ഭൂമിയിൽ നിലനിൽക്കുന്നത് വേരുകളുടെ ബലത്തിലാണ്. ഹൃദയബന്ധങ്ങളാണ് മനുഷ്യരെ പരസ്പരവും മനുഷ്യനും പ്രകൃതിയും തമ്മിലും ചേർത്തു നിർത്തുന്ന വേരുകൾ. അമ്മയും കുഞ്ഞും തമ്മിൽ ഊഷ്മളമായ ഹൃദയബന്ധങ്ങളുടെ വേരുകളാൽ ഉറച്ചുനിൽക്കുന്നു. ബന്ധങ്ങളുടെ വേരുകൾ തന്നെയാണ് പിതാവിനോടും സഹോദരങ്ങളോടും സമൂഹത്തോടും സർവ്വോപരി ഭൂമിയോടു തന്നെയും നമ്മെചേർത്തുനിർത്തുന്നത്. പരസ്പര സ്നേഹം, സഹായം, വാത്സല്യം, കരുണ തുടങ്ങിയ ജീവിതമൂല്യങ്ങളെ സ്വീകരിക്കുവാൻ സഹായകമാകുന്നത് ബന്ധങ്ങളാകുന്ന വേരുകളിലാണ്. ജീവിതത്തെ പടർന്നുപന്തലിച്ച് നിർത്തുന്നതും ഇത് തന്നെയാണ്. ബന്ധങ്ങളുടെ വേരുകൾ നഷ്ടമാകുമ്പോൾ ജീവിതവും വരണ്ടുണങ്ങുന്നു. പരസ്പരം കലഹിച്ച് മനുഷ്യകുലം തന്നെ ഇല്ലാതെയാകും. അതിനാൽ ഊഷ്മാളമായ ഹൃദയബന്ധങ്ങളുടെ പ്രാധാന്യമാണ്, വേരുകൾ എന്ന കുഞ്ഞുകഥ നമ്മോട് പങ്കുവെക്കുന്നത്. ഡി.വിനയചന്ദ്രന്റെ ഇക്കഥയ്ക്ക് ഇന്ന് ഏറെ പ്രാധാന്യമുണ്ട്.

✷ **അതൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരു തരത്തിലും തെറ്റ് ന്യായീകരിക്കാനാവില്ല. ഇവിടെ അപരാധം എന്നത്കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?**

പണികഴിഞ്ഞ് വീട്ടിലെത്തിയ കോരൻ ക്ഷീണിതനായ അച്ഛനെ കാണുന്നു. ശരീരം മുഴുവൻ നീരുവെച്ച് വിളറി എഴുന്നേൽക്കാൻ പോലും വയ്യാത്ത അവസ്ഥയിലെത്തിയ പിതാവിന്റെ അവസ്ഥ കണ്ട് കോരന്റെ കണ്ണ് നനയുന്നു. ആനയുടെ കരുത്തുണ്ടായിരുന്ന ആളായിരുന്നു അച്ഛൻ. ഇന്ന് എഴുന്നേറ്റ് നിൽക്കാൻ പോലും കഴിയുന്നില്ല. വൃദ്ധനായ അച്ഛനെ തനിച്ചാക്കി താൻ സുഖം തേടി പെണ്ണുമായി മറുനാട്ടിൽ പോയതിൽ കോരന് കുറ്റബോധം തോന്നുകയാണ്. തന്റെ തെറ്റ് ന്യായീകരിക്കാൻ കഴിയില്ലെന്നും അച്ഛൻ തന്നെ ഒരുപാട് കഷ്ടപ്പെട്ടാണ് വളർത്തിയത് എന്നും ചിന്തിക്കുകയാണ് കോരൻ. അത് വലിയ അപരാധമായി പോയെന്ന് കോരന് തോന്നുകയാണ്.

✷ **സ്നേഹം കൊണ്ട് പരിമിതികളെ മറികടക്കുന്നതിന്റെ ഹൃദ്യമായ ചിത്രമാണ് പ്ലാവിലക്കഞ്ഞി. വിലയിരുത്തി കുറിപ്പെഴുതുക.**

ചെറിയ കൂലിക്ക് അടിമപ്പണി ചെയ്യുന്ന തൊഴിലാളികൾ അരവയർ നിറയ്ക്കാൻ കഷ്ടപ്പെടുന്നു. നിസ്സാരമായ കൂലികൊണ്ട് കുറച്ച് അരിയും കപ്പയുമായി കോരൻ വീട്ടിലെത്തുന്നു. കഞ്ഞിവെച്ച് കപ്പ വേവിച്ച് ഭർത്താവിന് നൽകുന്നതിലാണ് ചിരുതയുടെ ശ്രദ്ധ. ചിരുത ഭക്ഷണം കഴിക്കാതെ ഭർത്താവിന് മാറ്റിവെക്കുന്നു. അവൾ കഴിക്കാത്തതിൽ കോരൻ പരിഭവിക്കുന്നു. ഏറെനാളത്തെ കഷ്ടപ്പാടുമായി കയറി വരുന്ന കോരന്റെ അച്ഛനെയും സ്നേഹത്താൽ ഊട്ടുന്ന ചിരുതയേയും കാണാം. പട്ടിണിയും കഷ്ടപ്പാടുകളും ഉണ്ടെങ്കിലും ഭർത്താവിനെ ഊട്ടാൻ ശ്രമിക്കുന്ന ഭാര്യയും ഭാര്യയെ കരുതലോടെ പരിഗണിക്കുന്ന ഭർത്താവും ഇവിടെ സ്നേഹചിത്രം വരയ്ക്കുന്നു.

✷ **'പ്ലാവിലക്കഞ്ഞി'യിൽ തെളിയുന്ന സാമൂഹികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.**

ജന്മിത്ത കാലഘട്ടത്തിന്റെ കഥപറയുന്ന നോവലാണ് 'രണ്ടിടങ്ങഴി'. രണ്ടിടങ്ങഴിയിൽ നിന്നെടുത്ത ഭാഗമാണ് പാഠഭാഗം. ജന്മിയുടെ നിലത്ത് ചോരനീരാക്കി പണിയെടുത്തിട്ടും പട്ടിണിയും ദാരിദ്ര്യവും വിട്ടൊഴിയാത്ത കുട്ടനാട്ടിലെ കർഷകതൊഴിലാളിയുടെ ജീവിതദുരിതം പ്ലാവിലക്കഞ്ഞിയിൽ കാണാം. പ്ലാവിലക്കഞ്ഞി എന്ന തലക്കെട്ട് ദാരിദ്ര്യത്തിന്റെയും പ്രയാസങ്ങളുടെയും സൂചനയാണ്. കഠിനാദ്ധ്വാനിയായിട്ടും അരിക്കുവേണ്ടി രാത്രിയിൽ അലഞ്ഞ് നടക്കേണ്ടി വരുകയാണ് കഥാനായകനായ കോരൻ. കർഷകത്തൊഴിലാളികൾക്ക് ജോലിഭാരം ഏറെയെങ്കിലും കൂലി കുറവായിരുന്നു. അവരുടെ വിശപ്പിനെക്കുറിച്ചോ പട്ടിണിയെക്കുറിച്ചോ ആയിരുന്നില്ല ജന്മി ചിന്തിച്ചത്, കൂടുതൽ വിളവിനെക്കുറിച്ചായിരുന്നു. അർദ്ധപട്ടിണിക്കാരുടെയും മുഴുപ്പട്ടിണിക്കാരുടെയും പ്രതിനിധികളാണ് കോരനും കുടുംബവും.

കരിഞ്ചന്തവ്യാപാരം നടത്തി കൂടുതൽ സമ്പന്നനാകുന്ന ഔസേപ്പ് കൂടുതൽ കൂലിക്കായി യാചിക്കുന്ന കോരനെ മനുഷ്യനായി പോലും പരിഗണിക്കുന്നില്ല. പത്തുദിവസമായി അരി ഭക്ഷണം കഴിക്കാതെ വരുന്ന അച്ഛൻ കർഷകത്തൊഴിലാളികളുടെ അവസാനകാലം കാണിച്ചുതരുന്നു. ജന്മിത്തത്തിന്റെ ചൂഷണങ്ങളിൽ പെട്ട് നിസ്സഹായരായ അടിയാൻമാർ ആരോഗ്യമുള്ളകാലത്ത് ജന്മിയുടെ പാടങ്ങളിൽ വിയർപ്പും രക്തവും ഒഴുക്കി ജീവിതം പണയപ്പെടുത്തിയവരാണ്. അടിമത്തത്തിന്റെയും ജാതീയതയുടെയും സങ്കടക്കാഴ്ചകൾ 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്തിൽ നിറഞ്ഞുനിൽക്കുന്നു.

* **കഥാപാത്ര നിരൂപണം തയ്യാറാക്കുക- കോരൻ**

കഠിനാദ്ധ്വാനിയായ തൊഴിലാളിയാണ് കോരൻ. തന്റെ കുടുംബത്തിന്റെ പട്ടിണിമാറ്റാൻ രാത്രിയിൽ അരി തേടി നടക്കുന്ന കോരന്റെ ധർമ്മസങ്കടങ്ങൾ 'പ്ലാവിലക്കഞ്ഞി'യിൽ കാണാം. താൻ പട്ടിണി കിടന്നാലും തന്റെ ഭാര്യ പട്ടിണികിടക്കരുതെന്ന് കരുതി ഭക്ഷണം അവൾക്കായി നൽകുന്ന സ്നേഹസമ്പന്നനായ ഭർത്താവാണ് അയാൾ. നീണ്ട കാലത്തിനുശേഷം വിളറിവെളുത്ത ശരീരവുമായി കയറി വരുന്ന പിതാവിനെ കണ്ടപ്പോൾ കുറ്റബോധം കൊണ്ട് നീറുന്ന മകനായി തീരുന്നു. ജന്മിമാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തിരിച്ചറിഞ്ഞ് കോരന്റെ ഉള്ളിൽ പ്രതിഷേധമുണ്ട്. ഈപ്രതിഷേധം കോരനെ ഒരു വിപ്ലവകാരിയായി മാറ്റുകയാണ്.

# ഓരോ വിളിയും കാത്ത്

അച്ഛന്റെ മരണത്തോടെ വീട്ടിൽ ഒറ്റപ്പെട്ട അമ്മയും നഗരത്തിൽ ജീവിക്കുന്ന മകനുമാണ് 'ഓരോ വിളിയും കാത്ത് ' എന്ന കഥയിലെ കഥാപാത്രങ്ങൾ. അച്ഛന്റെ ഓരോ വിളിക്കും പിന്നാലെ നിഴലായി നടന്ന അമ്മ അച്ഛൻ ഇല്ലാതെ വീട്ടിൽ ഇനി എങ്ങനെ കഴിയും എന്നാണ് മകന്റെ പേടി. അച്ഛന്റെ മരണാനന്തര കർമ്മങ്ങൾ കഴിഞ്ഞ് നഗരത്തിലേക്ക് മടങ്ങുന്ന മകൻ അമ്മയെ വിളിക്കാൻ ശ്രമിച്ചതാണ്. പക്ഷേ അമ്മ വരില്ലെന്ന് മനസ്സിലാക്കിയ മകൻ വിളിക്കുന്നില്ല. അച്ഛൻ ഇല്ലാതായതോടെ വാർദ്ധക്യത്തിൽ ഒറ്റപ്പെടലിലേക്ക് അമ്മ വഴുതി വീഴുമെന്ന് മകൻ ഭയപ്പെടുന്നു. ഒടുവിൽ മകന്റെ നിർബന്ധത്തിനുവഴങ്ങി നഗരത്തിലേക്ക് ചെല്ലാമെന്ന് അമ്മ സമ്മതിച്ചു. പുലർച്ചേ പോകേണ്ടേ എന്ന് മകൻ ചോദിച്ചപ്പോൾ ഞാൻ എങ്ങനെയാ മോനേ വരാ. അച്ഛൻ എന്നെ എപ്പോഴും വിളിച്ചുകൊണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ - എന്ന് അമ്മ മറുപടിപറയുന്നു. അച്ഛന്റെ വിളിയിൽ യൗവ്വനം നിലനിർത്തിയിരുന്ന അമ്മ അച്ഛൻ മരിച്ചതോടെ അച്ഛന്റെ ഓർമ്മകളിൽ ആ വീട്ടിൽ തന്നെ ജീവിക്കുവാൻ ആഗ്രഹിക്കുകയാണ്.

* **ശീർഷകത്തിന്റെ (തലക്കെട്ടിന്റെ) ഔചിത്യം വ്യക്തമാക്കി കുറിപ്പു തയ്യാറാക്കുക-'ഓരോ വിളിയും കാത്ത്'**

അച്ഛന്റെ ഓരോ വിളിക്കുപിന്നാലെയും ഓടുകയാണ് കഥയിലെ അമ്മ. പറമ്പിന്റെ ഏതെങ്കിലും ഒരു മൂലയിൽ വെച്ചായിരിക്കും അച്ഛൻ വിളിക്കുന്നത്. എങ്കിലും അമ്മ മറുപടി കൊടുക്കും. അത് അമ്മയുടെ ശീലമായി മാറിയതാണ്. അച്ഛൻ മരിച്ചപ്പോൾ അമ്മ തനിച്ചായി. അമ്മയെ കൊണ്ടുപോകാൻ മകൻ തയ്യാറാകുന്നു. അമ്മ പിൻമാറുന്നു. അച്ഛൻ എപ്പോഴും വിളിച്ചുകൊണ്ടിരിക്കുമെന്നും വിളിക്കുമ്പോൾ താനിവിടെ ഇല്ലാതെ വന്നാൽ ശരിയാകില്ലെന്നും അമ്മ പറയുന്നു. അച്ഛന്റെ വിളിക്ക് കാത്തിരിക്കുന്ന അമ്മയെയാണ് നാമിവിടെ കാണുന്നത്. അതിനാൽ 'ഓരോ വിളിയും കാത്ത് ' എന്ന ശീർഷകം വളരെ അനുയോജ്യമാണ്.

* **ഇപ്പോൾ ഇതൊരു വീടല്ല - നീണ്ട വരാന്തകളും വെൺമയാർന്ന ചുമരുകളും വലിയ ജനാലകളും വാതിലുകളും ഉണ്ടെങ്കിൽ പോലും ഇതൊരു വീടാകുന്നില്ല.- ഇവിടെ പരാമർശിക്കുന്നത് എന്ത്?**

വലുപ്പമോ ആർഭാടമോ ആൾക്കൂട്ടമോ ഒന്നുമല്ല വീടിനെ വീടാക്കുന്നത്. അതിനുള്ളിൽ കഴിയുന്നവരുടെ പരസ്പരം സ്നേഹവും വിശ്വാസവുമാണ്. ഏതു വീടിനും ജീവനായി നെടുംതൂണായി നിൽക്കുന്ന ചിലരുണ്ട്. അവരുടെ സാന്നിദ്ധ്യം പോലും ആ വീടിന് ജീവൻ നൽകുന്നു. അവരുടെ മരണം വീടിനെ വീടല്ലാതാക്കും. കിടപ്പിലായപ്പോൾ പോലും എല്ലാകാര്യവും അച്ഛൻ ശ്രദ്ധിച്ചു. അച്ഛന്റെ വിളിയൊച്ചയും അമ്മയുടെ മറുപടിയും വീടിനെ വീടാക്കി മാറ്റി. അച്ഛൻ മരിച്ചതോടെ അമ്മയും മൗനത്തിലായി. ഒറ്റപ്പെട്ടുപോയി. അച്ഛൻ ഇല്ലാതായതോടെ വീട് നിശ്ശബ്ദമാവുകയായിരുന്നു. വീട് വീടല്ലാതായി മാറി.

* **മകന് അമ്മ തനിച്ചാകുന്നതായി തോന്നുമ്പോൾ അമ്മയ്ക്ക് അങ്ങനെ തോന്നാത്തത് എന്തുകൊണ്ട്?**

അച്ഛന്റെ മരണത്തോടെ അമ്മ തനിച്ചായി. അമ്മയെ തനിച്ചാക്കിപോകാൻ മകൻ തയ്യാറാവുന്നില്ല. അതുകൊണ്ട് നഗരത്തിലേക്ക് കൊണ്ടുപോകാൻ മകൻ വരുന്നു. അമ്മ പോകാൻ തയ്യാറുന്നില്ല.അച്ഛൻ മരിച്ചെങ്കിലും അച്ഛന്റെ സാന്നിധ്യം ആ വീട്ടിൽ ഉണ്ടെന്ന് അവർ പറയുന്നു. മാത്രവുമല്ല അച്ഛൻ വിളിക്കുമ്പോൾ താനിവിടെ ഉണ്ടാകണമെന്നും അമ്മ വിശ്വസിക്കുന്നു. അച്ഛൻ മരിച്ചു. എങ്കിലും അച്ഛൻ കൂടെയുണ്ടെന്നാണ് അമ്മ വിശ്വസിക്കുന്നത്. അതുകൊണാണ് താൻ തനിച്ചല്ല എന്ന് അമ്മ വിശ്വസിക്കുന്നത്.

# അമ്മത്തൊട്ടിൽ

റഫീക്ക് അഹമ്മദ്

അനാഥാലയങ്ങളും വൃദ്ധ മന്ദിരങ്ങളും കൂടി വരികയും മാതാപിതാക്കളെ തെരുവിലുപേക്ഷിക്കുന്ന മക്കളുടെ എണ്ണം കൂടി വരികയും ചെയ്യുന്ന സമൂഹത്തിന്റെ ചിത്രമാണ് റഫീക്ക് അഹമ്മദിന്റെ അമ്മത്തൊട്ടിൽ. അമ്മയെ ഉപേക്ഷിക്കുവാൻ തീരുമാനിച്ച മകനെയാണ് ഈ കവിതയിൽ കാണുന്നത്. പുത്തൻ കാലത്തിന്റെ സംഭാവനയായ മാളിന്റെ അരികിലാണ് അമ്മയെ ഒഴിവാക്കാൻ ആദ്യം ശ്രമിക്കുന്നത്. പെറ്റു കിടക്കുന്ന പട്ടി കുരച്ച് ചാടിയതിനാൽ ആ ശ്രമം ഉപേക്ഷിക്കാൻ ശ്രമിച്ചെങ്കിലും വളർത്തിയ അമ്മയെക്കുറിച്ചുള്ള ചിന്ത മക

ന് നീറ്റലായി മാറുന്നു. എവിടെയും ഉപേക്ഷിക്കാൻ ആവാതെ മടങ്ങാൻ തീരുമാനിക്കുമ്പോൾ അമ്മ മകനെ മരണംകൊണ്ട്തോൽപ്പിക്കുന്നു.

- **പെറ്റുകിടക്കുന്ന തെരുവ് പട്ടിക്കെന്തൊ–**
  **രൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു. – തെരുവു പട്ടിയെ കവിതയിൽ അവതരിപ്പിച്ചതിലെ ഔചിത്യം വ്യക്തമാക്കുക.**

പെറ്റമ്മയെ ഉപേക്ഷിക്കാൻ ഉചിതമായ സ്ഥലം തേടി നടന്ന മകനു നേരെ പെറ്റു കിടക്കുന്ന തെരുവുപട്ടി കുരച്ചുചാടുന്നു. കരുത്തും ശൗര്യവുമായി തന്റെ മക്കളെ സംരക്ഷിക്കുകയാണ് പട്ടി. ഒരു തെരുവുപട്ടിയെപ്പോലെ പോരാടിയാവും ആ അമ്മയും മകനെ വളർത്തിയത്. ഓരോ അമ്മമാർക്കും മക്കൾ പ്രിയപ്പെട്ടവരാണ്. അത് പട്ടിയായാലും പൂച്ചയായാലും കാക്കയായാലും അങ്ങനെതന്നെ. മക്കളെ നെഞ്ചോടു ചേർത്ത് വളർത്തുന്ന ഒരമ്മയുടെ ജീവിതം മുഴുവൻ ഈ വരികളിലുണ്ട്. മകനാവട്ടെ ഒരു കുറ്റബോധവും കൂടാതെയാണ് അമ്മയെ കളയാൻ ശ്രമിക്കുന്നത്.

ആധുനിക കാലത്തെ മനുഷ്യനു നേരെയുള്ള ഒരു മൃഗത്തിന്റെ ചാട്ടമാണത്. പട്ടിയുടെ ശൗര്യത്തോടെയുള്ള കുതിച്ചുചാട്ടത്തിനുമുമ്പിൽ മകന്റെ തല താണുപോവുകയാണ്. അമ്മയുടെ പ്രാധാന്യം തന്നെയാണ്. വാത്സല്യത്തിന്റെ മഹത്വമാണിവിടെ കവി വ്യക്തമാക്കുന്നത്.

- **എങ്ങിനി കൊണ്ടിറക്കേണ്ടു. സ്വയം ബുദ്ധി**
  **കെട്ടു കരിന്തിരിയാളും വരെയവർ**
  **..............................................കോവിലിൽ**
  **വരികളിലെ ആശയം സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.**

അമ്മയെ എവിടെ ഇറക്കണമെന്നറിയാതെ കുഴങ്ങുമ്പോഴാണ് മകൻ ക്ഷേത്രം കാണുന്നത്. ആരോഗ്യമുള്ള കാലത്ത് അമ്പലത്തിൽ തൊഴാൻ കൊണ്ടുപോകണമെന്ന് മകനോട് അമ്മ ആഗ്രഹം പറഞ്ഞിരുന്നു. ഇപ്പോൾ വൃദ്ധയായി. ബുദ്ധിക്കുറവായി. കരിന്തിരി പോലെയായി മാറി അമ്മ. ഈ അവസ്ഥയിലാണ് ക്ഷേത്രവാതിൽക്കൽ തന്നെ അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിക്കുന്നത്.

ഇതുപോലെ ക്ഷേത്രപരിസരങ്ങളിൽ അമ്മമാരെ ഉപേക്ഷിച്ച് പോകുന്ന മക്കളെ കുറിച്ചുള്ള വാർത്തകൾ പത്രങ്ങളിലും ചാനലുകളിലും കാണാറുണ്ട്. വൃദ്ധരായ മാതാപിതാക്കൾ ഇക്കാലത്ത് മക്കൾക്ക് ബാധ്യതയാണ്. അതിനാലാണ് ആശുപത്രികളിലും ക്ഷേത്രപരിസരങ്ങളിലും മാതാപിതാക്കളെ ഉപേക്ഷിക്കുന്നത്. ഹൃദയ ബന്ധങ്ങൾക്ക് വില കൽപിക്കാത്ത ആധുനിക തലമുറയെ ഈ വരികളിൽ കാണാം.

# നിലാവു പെയ്യുന്ന നാട്ടുവഴികൾ

- **'നിലാവു പെയ്യുന്ന നാട്ടുവഴികൾ' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.**

പ്രകൃതിയോട് ചേർന്ന്ജീവിച്ച ഗ്രാമങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നു. നന്മകൾ നിറഞ്ഞ നാട്ടിൻ പുറങ്ങളിൽ മനുഷ്യരും അവർ വളർത്തുന്ന ജീവ ജാലങ്ങളും ഒരുമിച്ച്കഴിഞ്ഞു. ഫലവൃക്ഷങ്ങൾ നിറഞ്ഞ പറമ്പുകളും സ്നേഹബന്ധങ്ങൾ നിറഞ്ഞ അയൽപ്പക്കങ്ങളും ഉണ്ടായിരുന്നു. അന്ന് ആഘോഷങ്ങളും പ്രകൃതിയോട് ചേർന്ന് ആഘോഷിച്ചു. ഇവ കേരളീയ ജീവിതത്തെ സ്വാധീനിച്ചു. ഹൃദയ ബന്ധങ്ങൾ നിലനിർത്താൻ സഹായിക്കുകയും ചെയ്തു. നാട്ടിൻ പുറത്തിന്റെ നന്മ നിറഞ്ഞ കാഴ്ചകളും ജീവിതാനുഭവങ്ങളും ചിത്രീകരിക്കുന്നതുകൊണ്ടാണ് നിലാവു പെയ്യുന്ന നാട്ടുവഴിൾ എന്ന തലക്കെട്ട് ഈ യൂണിറ്റിന് നൽകിയിരിക്കുന്നത്. ഉചിതമായ തലക്കെട്ട് തന്നെയാണിത്.

- **നാടായാലും കാടായാലും**
  **കുഴിയായാലും കുന്നായാലും**
  **നല്ലവർ പാർക്കുമെങ്കിൽ**
  **നീയും നന്നേ വാഴുക നിലമേ– ഈ വരികളുടെ ആശയം എഴുതുക.**

നഗരം കാപട്യങ്ങളുടെ ലോകമാണെന്നും നിഷ്കളങ്കരും നന്മ ഉള്ളവരുമാണ് ഗ്രാമീണർ എന്നുമാണ് കവി പറയുന്നത്. നന്മനിറഞ്ഞവർ താമസിക്കുന്ന ഇടങ്ങളാണ് നന്നായി വരിക. അത് നാടായാലും കാടായാലും കുന്നായാലും മനുഷ്യരുടെ ഗുണമാണ് ആ നാടിന്റെ, പ്രദേശത്തിന്റെ മഹത്വം. ഭൂമിയുടെ നന്മ നല്ല മനുഷ്യരുടെ നന്മയാണ്. കാപട്യം നിറഞ്ഞ നഗരങ്ങളേക്കാൾ നന്മ നിറഞ്ഞ നാട്ടിൻ പുറങ്ങളാണ് ജീവിതത്തിന് ഉചിതമെന്ന് ഔവ്വയാർപാടുന്നു.

# കൊച്ചുചക്കരച്ചി

-എ.പി. ഉദയഭാനു

എ.പി. ഉദയഭാനുവിന്റെ ലേഖനമാണ് കൊച്ചുചക്കരച്ചി. തറവാട്ടിലെ അംഗത്തെപ്പോലെ വളർത്തിയ കൊച്ചു ചക്കരച്ചി എന്ന മാവിനെക്കുറിച്ചുള്ള ഓർമ്മകളാണ് ഈ ലേഖനം. തറവാട്ടിലെ കുലശ്രേഷ്ഠകളായി എണ്ണിയത് വലിയ ചക്കരച്ചിയെയും കൊച്ചുചക്കരച്ചിയേയും ആയിരുന്നു. ഒരിക്കൽ കൊച്ചുചക്കരച്ചിയെ വെട്ടാൻ ശ്രമിച്ചപ്പോൾ വേണ്ടപ്പെട്ടവർ തടഞ്ഞു. തലമുറകൾ അവളുടെ കാൽച്ചുവട്ടിലിരുന്ന് മധുരം നുകർന്നു. തടിയുടെ ഒരുഭാഗം ജീർണ്ണിച്ചപ്പോൾ കൊച്ചു ചക്കരച്ചിയെ വെട്ടിനീക്കാൻ പലരും പറഞ്ഞു. ഒടിഞ്ഞാൽ വീടും തകരും. എന്നിട്ടും അമ്മ സമ്മതിച്ചില്ല. അവൾചതിക്കില്ല എന്ന ഉറച്ചവിശ്വാസം അമ്മയ്ക്ക് ഉണ്ടായിരിക്കുന്നു. രോഗം വന്നിട്ടും മാവ് കായ്ച്ചു കൊണ്ടിരുന്നു. പത്ത് വർഷം കൂടി കാറ്റിനെയും മഴയേയും അതിജീവിച്ച് നിന്നു. ഒരു വൃശ്ചികം- ധനുമാസത്തിൽ ഒരു ചെറിയ കാറ്റിലും മഴയിലും അത് മുറിഞ്ഞു വീണു. മിടുക്കനായ ഒരു മരം വെട്ടുകാരനും അതിനേക്കാൾ ഉപദ്രവമില്ലാതെ മുറിക്കുവാൻ കഴിയില്ല. അവിടെ മുളച്ചുപൊന്തിയ മാവിൻ തയ്യിനെ കൊച്ചുചക്കരച്ചിയുടെ മകൾ എന്ന നിലയിൽ അമ്മ വാത്സല്യത്തോടെ വളർത്തി.

# ഓണമുറ്റത്ത്

വൈലോപ്പിള്ളി ശ്രീധരമേനോൻ

ഓണമെത്തുമ്പോൾ മനുഷ്യരോടൊപ്പം പ്രകൃതിയും മഹാബലിയെ വരവേൽക്കാൻ ഒരുങ്ങുന്നതിനെ വർണ്ണിക്കുന്ന കവിതയാണ് 'ഓണമുറ്റത്ത്.' ഓണക്കാലത്തെ മഴയെപോലും കണക്കാക്കാതെ പൂക്കൊട്ടയുമായി തുമ്പയും ദീപകുറ്റികൾ നാട്ടുവാൻ മുക്കുറ്റികളും വെള്ളിത്താലമെടുത്ത് നെയ്യാമ്പലുകളും ഓണത്തപ്പനെ കാത്തുനിൽക്കുന്നു. കമുക് പൂവരി തൂകിയും മലകളാകുന്ന ചങ്ങലവിളക്കേന്തി സൂര്യനാകുന്ന വിളക്കിന്റെ നാളം നീട്ടി പ്രഭാതകന്യകയും ഒരുങ്ങിനിൽക്കുന്നു. പ്രകൃതിയോട് ചേർന്ന് മനുഷ്യൻ മാവേലിമന്നനെ എങ്ങനെ വരവേൽക്കുന്നുവെന്നും കവി വർണ്ണിക്കുന്നു.

ഓണത്തെപ്പറ്റിയുള്ള ചിന്തകൾ കവിയെ പുള്ളുവനാക്കുന്നു. നഗരസംസ്ക്കാരം കയറി വരുമ്പോൾ നാട്ടുനന്മകളെ വിളിച്ചുണർത്തുകയാണ് കവി. അതുകൊണ്ട് മാവേലി തമ്പുരാന്റെ വരവറിയിക്കുന്ന പുള്ളുവനായി മാറുന്നു. പരിഷ്കാരികളായ ആളുകൾ കവിയെ പരിഹസിക്കും എന്നാലും കവിയുടെ ഗ്രാമസങ്കൽപം.

# കോഴിയും കിഴവിയും

അയൽവാസികൾ തമ്മിലുള്ള ചെറിയ പ്രശ്നം വലിയ വഴക്കിലേക്ക് എത്തിക്കുന്നത് തമാശകലർത്തി പറയുകയാണ് 'കോഴിയും കിഴവിയും' എന്ന കഥയിലൂടെ കാരൂർ നീലകണ്ഠപിള്ള. മത്തായിയുടെ വീട്ടിലെ കോഴിയെ മാർക്കോസിന്റെ മക്കളിലൊരാൾ എറിഞ്ഞു കൊന്നു. ചത്ത കോഴി വലിയ വഴക്കിന് കാരണമാകുന്നു. മാർക്കോസിന്റെ അപ്പന്റെ സഹായത്താൽ അവരുടെ പറമ്പിൽ കുടിൽകെട്ടി താമസിച്ചവരാണ് മത്തായിയുടെ അപ്പനും അമ്മയും കാലക്രമത്തിൽ മാർക്കോസിന്റെ കുടുംബം തളർന്നു. മത്തായിയുടെ കുടുംബം പച്ചപിടിച്ചു. ഒരു കാലത്ത് തങ്ങളെ സഹായിച്ചവരാണ് മാർക്കോസിന്റെ കുടുംബം എന്ന് മത്തായി മറന്നുപോകുന്നു. ഒടുവിൽ മാർക്കോസിനെ പോലീസ് അറസ്റ്റ് ചെയ്യുന്നു.

മത്തായിയുടെ അമ്മ പ്രശ്നത്തിൽ ഇടപെടുകയും മാർക്കോസിന്റെ ഭാഗം നിൽക്കുകയും ചെയ്യുന്നു. സ്വന്തം മകനായിട്ടും മത്തായി ചെയ്ത അനീതി തുറന്നുപറഞ്ഞ വൃദ്ധയായ അമ്മ ഗ്രാമീണ നന്മയുടെ പ്രതീകമാണ്. അവർ സത്യത്തിന്റെയും നീതിയുടെയും പക്ഷത്താണ് നിൽക്കുന്നത്. സമ്പത്തും മൂല്യങ്ങളും തമ്മിലുള്ള സംഘർഷമാണ് ഈ കഥയിലെ പ്രമേയം.

# കൊച്ചുചക്കരച്ചി

✷ **വൃക്ഷങ്ങളിൽവെച്ച് വൃക്ഷമായത് മാവു തന്നെയാണ്. ആശയം വ്യക്തമാക്കുക.**

മനുഷ്യൻ ഏറ്റവും ഇഷ്ടപ്പെടുന്ന വൃക്ഷമാണ് മാവ്. പൂക്കുന്നത് മുതൽ മാമ്പഴമുണ്ടാകുന്നത് വരെയുള്ള കാലം മനുഷ്യന് ഉത്സവമാണ്. നാട്ടുമാങ്ങയുടെ സ്വാദ് ഒന്നുവേറെ തന്നെയാണ്. മാമ്പൂവിന്റെ മൃദുലമായ പരിമളം, കണ്ണിമാങ്ങയുടെ സ്വാദ്, ഉപ്പുകൂട്ടി തിന്നുന്ന മാങ്ങ, കടിച്ചീമ്പി തിന്നുന്ന മാമ്പഴം എന്നിങ്ങനെ ഓരോ

അവസ്ഥയും നമുക്ക് സ്വാദേറിയതാണ്. കവികൾക്ക് ഇഷ്ടപ്പെട്ട വൃക്ഷം മാവുതന്നെയാണ്. മാഞ്ചോട്ടിലെ ഒത്തുചേരലും കളിവീടുണ്ടാക്കലും പണ്ട് ഉണ്ടായിരുന്നു. പക്ഷികൾക്കും അണ്ണാനും ഇഷ്ടം മാവു തന്നെ. മാമ്പൂതൈലം, മാവിലയിട്ട് തിളപ്പിച്ച വെള്ളം, മാവില കൊണ്ടുള്ള പല്ലുതേക്കൽ എന്നിവ ഔഷധങ്ങളാണ്.

- **കൊച്ചു ചക്കരച്ചിക്ക് മാനുഷികഭാവങ്ങൾ നൽകുന്നതെങ്ങനെ?**

കുട്ടികൾക്ക് മാങ്ങ നൽകിയ ഒരുപാട് പേരെ മാമ്പഴം ഊട്ടിയ വൃദ്ധയായി കൊച്ചുചക്കരച്ചിയെ കാണുന്നു. കുട്ടികളെപ്പോലെ അരുമത്തം നേടിയവളെന്നും മുത്തശ്ശിയെപ്പോലെ തലമുറകളുടെ കഥ പറയുന്നവളും ആയി ഒരു മനുഷ്യസ്ത്രീയായി കണ്ടു. നിബിഡവും ശ്യാമളവുമായ മുടി ഉള്ളവർ ആയിരുന്നു എന്നും നേരു ള്ളവൾ, ചതിക്കാത്തവൾ എന്നീ വിശേഷണങ്ങളും മാവിന് നൽകി.

- **അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുള്ള ബന്ധം.**

അമ്മയും കൊച്ചു ചക്കരച്ചിയും തമ്മിൽ ആഴത്തിൽ സ്നേഹബന്ധം നിലനിന്നു. തടിക്ക് കേട് പറ്റി പലരും വെട്ടണമെന്ന് പറഞ്ഞിട്ടും അമ്മ സമ്മതിച്ചില്ല. കൊച്ചുചക്കരച്ചി വീണാലും ചതിക്കില്ല എന്നായിരുന്നു അമ്മ വിശ്വസിച്ചത്. കാറ്റും മഴയും വരുമ്പോൾ അമ്മ ഉമ്മറത്ത് ചെന്നിരിക്കും. മാവ് വീഴുമ്പോൾ ഉമ്മറത്തേ ക്കാവും വീഴുക. അതുണ്ടായില്ല. അമ്മയുടെ വിശ്വാസം പോലെ ആർക്കും ഉപദ്രവം ഇല്ലാതെയാണ് മാവ് വീ ണത്. കൊച്ചു ചക്കരച്ചിയുടെ ഓർമ്മ നിലനിർത്താൻ ആണ് അമ്മ മാവിൻതൈ നട്ടു വളർത്തിയത്.

1. വേരുകൾ എന്ന പ്രതീകം സൂചിപ്പിക്കുന്നത് എന്താണ്

a. കുടുംബബന്ധങ്ങൾ b. പരസ്പരസ്നേഹം

c. വിശ്വാസം d. സഹകരണം

**ഉത്തരം : കുടുംബബന്ധങ്ങൾ**

2. കോരന്റെയും ചിരുതയുടെയും കഥ പറയുന്ന 'പ്ലാവിലക്കഞ്ഞി' ഏത് പാഠഭാഗമാണ്.

**ഉത്തരം : നെല്ലിടങ്ങഴി**

3. വിഗ്രഹിച്ചെഴുതുക

നെല്ലിൻകുല - നെല്ലിന്റെ കുല

കാൽമുട്ട് - കാലിന്റെ മുട്ട്

മാമ്പൂക്കുല - മാമ്പൂവിന്റെ കുല

മരക്കൊമ്പ് - മരത്തിന്റെ കൊമ്പ്

കരിന്തിരി - കരിഞ്ഞ തിരി

4. അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്നു പോയതുപോലെ ഒരു നാൾ നിനച്ചിരിക്കാതെ ഒരുപാട് പേർ ഇവിടെ നിന്ന് ഇറങ്ങിപ്പോയിരിക്കുന്നു. ഈ വരികളിലെ ആശയം എന്ത് ?

**അച്ഛനില്ലാത്ത വീട് അപൂർണ്ണമാണ്.**

5. ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു. ഈ വാക്യത്തിൽ സൂചിതമായ ആശയം എന്ത്?

**ഉത്തരം : നിശ്ശബ്ദത**

6. "തമ്പ്രാ, ഏനു നെല്ലു കൂലി മതി ചക്രം വേണ്ട" ഈ വാക്കുകളിൽ തെളിയുന്ന മനോഭാവം

പ്രതിഷേധം

7. അന്നത്തെ സൂചിപ്രയോഗത്തിന്റെ നീറ്റൽ എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

കുറ്റബോധം (മനസ്സാക്ഷിക്കുത്ത്)

8. പെരുമാൾ എന്ന പ്രയോഗത്തിന്റെ അർത്ഥങ്ങൾ ?

**വലിയ ഷോപ്പിങ്ങ്മാൾ, രാജാവ്, ഈശ്വരൻ, ജനക്കൂട്ടം**

9. വിഗ്രഹിക്കുക

കൊതിയ സമാജം - കൊതിയന്മാരുടെ സമാജം

ശാഖോപശാഖകൾ - ശാഖയും ഉപശാഖയും

10. "എടീ, കള്ളീ, നീയത് ഒളിപ്പിച്ച് മച്ചിരുന്നോ?" ഈ വരികളിലെ ഭാവം

**വാത്സല്യം (സ്നേഹം)**

11. "ഞാനിവിടെ ഒറ്റയ്ക്കാണെന്ന് തോന്നിയിട്ടില്ല." അമ്മയുടെ വാക്കുകളിലെ സൂചന എന്ത് ?

**അച്ഛന്റെ സാന്നിധ്യം അപ്പോഴും അനുഭവപ്പെടുന്നു.**